# CAREER Updates
# പത്രവൃത്താന്തം

29.07.2024
(തിങ്കൾ)




- ⇨ 2024-ലെ വനിതാ ഏഷ്യാ കപ്പ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പിൽ ജേതാക്കളായത്
- ✔ ശ്രീലങ്ക
- ഫൈനലിൽ ഇന്ത്യയെ പരാജയപ്പെടുത്തിയാണ് ശ്രീലങ്ക 2024-ലെ വനിതാ ഏഷ്യാ കപ്പ് ക്രിക്കറ്റ് കിരീടം നേടിയത്. ഇന്ത്യ ഉയർത്തിയ 166 റൺസ് വിജയലക്ഷ്യം മറികടന്നാണ് ശ്രീലങ്ക വിജയകിരീടം ചൂടിയത്. വനിതാ ഏഷ്യാ കപ്പ് ചരിത്രത്തിൽ ഒരു ടീം പിന്തുടർന്ന് ജയിക്കുന്ന ഏറ്റവും ഉയർന്ന ടോട്ടലാണിത്.
- ശ്രീലങ്കൻ താരം ഹർഷിത സമരവിക്രമയാണ് ഫൈനൽ മത്സരത്തിലെ പ്ലെയർ ഓഫ് ദി മാച്ച് ആയി തിരഞ്ഞെടുക്കപ്പെട്ടത്. ശ്രീലങ്കൻ ക്യാപ്റ്റൻ ചമരി അട്ടപ്പട്ടു പ്ലെയർ ഓഫ് ദി ടൂർണമെന്റായി തിരഞ്ഞെടുക്കപ്പെട്ടു.

- ⇨ 2024 ജൂലൈയിൽ മഹാത്മാഗാന്ധിയുടെ അർദ്ധകായ പ്രതിമ അനാച്ഛാദനം ചെയ്യപ്പെട്ട ജപ്പാനിലെ നഗരം
- ✔ ടോക്കിയോ
- ഇന്ത്യൻ വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ ആണ് ടോക്കിയോയിലെ ഫ്രീഡം പ്ലാസ പാർക്കിൽ നടന്ന ചടങ്ങിൽ മഹാത്മാഗാന്ധിയുടെ അർദ്ധകായ പ്രതിമ അനാച്ഛാദനം ചെയ്തത്.
- ⇨ 2024 ജൂലൈയിൽ യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഇടംനേടിയ അസമിലെ സ്മാരകം
- ✔ ചരൈദേവോ മൈഡം
- വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നും യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുന്ന സ്മാരകമാണ് ചരൈദേവോ മൈഡം. അഹോം രാജവംശത്തിന്റെ ശവകുടീരങ്ങളാണ് ഇവിടെ സംരക്ഷിക്കപ്പെടുന്നത്. ഈജിപ്തിലെ പിരമിഡുകൾക്ക് സമാനമായ നിർമ്മിതികളാണിവ.

- ⇨ 2024 ജൂലൈയിൽ റെയിൽവേ സുരക്ഷാ കമ്മിഷന്റെ പുതിയ ആസ്ഥാനമായി തിരഞ്ഞെടുക്കപ്പെട്ട നഗരം
- ✔ ന്യൂഡൽഹി
- ⇨ ആസിയാൻ ഉച്ചകോടിയുടെ ഭാഗമായി അയോധ്യ രാമക്ഷേത്രത്തിലെ പ്രതിഷ്ഠയായ രാംലല്ലയുടെ ചിത്രമുള്ള സ്റ്റാമ്പ് 2024 ജൂലൈയിൽ പുറത്തിറക്കിയ വിദേശ രാജ്യം
- ✔ ലാവോസ്
- 2024-ലെ ആസിയാൻ ഉച്ചകോടിയ്ക്ക് വേദിയാകുന്ന രാജ്യമാണ് ലാവോസ്.
- ⇨ 2024-ലെ അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഡെമോക്രാറ്റിക് പാർട്ടിയുടെ ഔദ്യോഗിക സ്ഥാനാർത്ഥിയായി പ്രഖ്യാപിക്കപ്പെട്ട വനിത
- ✔ കമല ഹാരിസ്
- ⇨ 2024 ജൂലൈയിൽ ഫോർമുല വൺ ബെൽജിയം ഗ്രാൻപ്രിയിൽ കിരീടം നേടിയ മെഴ്സിഡീസ് ഡ്രൈവർ
- ✔ ജോർജ്ജ് റസ്സൽ

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ ✆ 8590 333 999